2. എം.ബി.എ.

3. മാനേജർ തസ്തികയിൽ 9.4.94 മുതൽ തുടരുന്നു.

II. ജനറൽ മാനേജർ (മലബാർ)

1. എം.എസ്.സി. (ബോട്ടണി)

2. 12.10.80 മുതൽ അസിസ്റ്റന്റ് മാനേജരായും 25.3.96 മുതൽ മാനേജർ ആയും ജോലി ചെയ്തു വരുന്നു.

(ഡി) ഇപ്പോൾ ചാർജ്ജ് നൽകിയിരിക്കുന്നത് യോഗ്യതകൾ പരിഗണിച്ചാണ്.

162 (1894) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ഉപരിപഠനം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഉപരിപഠനത്തിനു പോയിരുന്നോ;

(ബി) എങ്കിൽ എവിടെയാണ് പോയത്; എത്ര നാൾ പഠിച്ചു; പഠനകാലത്ത് കോർപ്പറേഷൻ എം.ഡി യുടെ ചുമതല ആർക്കു നൽകി; എം.ഡി യുടെ ഉപരിപഠനത്തിനു എത്ര രൂപ ചെലവു വന്നു; ഇത് ആരാണ് വഹിച്ചത്;

(സി) യാത്രാ ചെലവ്, വീട്, ഭക്ഷണം, എന്റർടെയിൻമെന്റ് എന്നീ ഇനങ്ങളിൽ മാനേജിംഗ് ഡയറക്ടർ എത്ര രൂപ ചെലവഴിച്ചു; ഇതിൽ കോർപ്പറേഷന്റെ ചെലവ് എത്ര?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

163 (1895) പ്ലാന്റേഷൻ കോർപ്പറേഷൻ ഭാരവാഹികളുടെ ടി.എ/ഡി.എ.

ശ്രീ. കെ.എ ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ, മാനേജിംഗ് ഡയറക്ടർമാർ, ബോർഡ് മെംബർമാർ എന്നിവർ ഓരോരുത്തരും 1.4.1996 നുശേഷം പ്രതിമാസം വാങ്ങിയിട്ടുള്ള ടി.എ./ഡി.എ. തുകകൾ എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ:

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly